പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

ബഹു സ്പീക്കറുടെ റൂളിംഗ്

30-06-2022

## അടിയന്തരപ്രമേയ നോട്ടീസ് സംബന്ധിച്ച വാർത്തകൾ സഭാസമ്മേളനത്തിനുമുമ്പ് ദൃശ്യമാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ചതു സംബന്ധിച്ച്

2022 ജൂൺ 30-ാംതീയതി ധനകാര്യം പരിഗണനയ്ക്കെടുക്കുന്നതിന് മുമ്പായി, 2022 ജൂൺ 27-ാം തീയതി ചട്ടം 50 പ്രകാരം നൽകിയിരുന്ന അടിയന്തരപ്രമേയ നോട്ടീസ് സംബന്ധിച്ച വാർത്തകൾ അന്നേ ദിവസം സഭാസമ്മേളനത്തിനുമുമ്പുതന്നെ ദൃശ്യ-മാധ്യമങ്ങൾ പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചതും ശൂന്യവേളയിൽ നോട്ടീസ് നൽകിയ അംഗത്തിന്റെ പേര് വിളിച്ചപ്പോൾ പ്രസ്തുത അംഗം സഭയിലുണ്ടായിരുന്നിട്ടും നോട്ടീസിന് അനുമതി തേടാതിരുന്നതും സഭാചട്ടങ്ങളുടെയും നടപടിക്രമങ്ങളുടെയും ലംഘനമാണെന്നും ഇതുസംബന്ധിച്ച് റൂളിംഗ് നൽകണമെന്നും ഭരണപക്ഷത്തെ ഒരംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി+.

നടപടിക്രമത്തിന്റെയും സഭാചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ചെയർ ഇക്കാര്യം പരിശോധിച്ചു. ചട്ടം 266-ൽ പറയുന്നത്, "സ്പീക്കർ അനുവദിക്കുകയും അംഗങ്ങൾക്ക് സർക്കുലേറ്റ് ചെയ്യുകയും ചെയ്യുന്നതുവരെ ഏതെങ്കിലും അംഗമോ മറ്റ് വ്യക്തിയോ ഒരു നോട്ടീസിന് പ്രചാരണം നൽകാൻ പാടുള്ളതല്ല. എന്നാൽ ചോദ്യം സംബന്ധിച്ച നോട്ടീസിന് സഭയിൽ ആ ചോദ്യത്തിന് മറുപടി നൽകുന്ന ദിവസംവരെ യാതൊരു പ്രചാരണവും നൽകാൻ പാടുള്ളതല്ല"എന്നാണ്. സഭാനടപടികളുടെ ഭാഗമായി അംഗങ്ങൾ നൽകുന്ന വിവിധ നോട്ടീസുകൾക്ക് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രചാരണം നൽകിയ സംഭവം അന്നേ ദിവസം നടാടെ സംഭവിച്ചുപോയ ഒന്നാണെന്ന് കരുതുന്നില്ല. സഭാനടപടിച്ചട്ടത്തെ സംബന്ധിച്ചുള്ള ധാരണക്കുറവുകൊണ്ടുണ്ടാകുന്ന വീഴ്ചയായി മാത്രം ഇതിനെ കാണാനുമാകില്ല. സഭയുടെയും സഭാംഗങ്ങളുടെയും അന്തസ്സും അവകാശങ്ങളും ഹനിക്കുന്ന തരത്തിലുള്ള ഇത്തരം പ്രവണതകൾ മേലിൽ ആവർത്തിക്കുന്നില്ലെന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തണം. ചട്ടം

50 പ്രകാരം നോട്ടീസ് നൽകിയതിനുശേഷം പ്രസ്തുത നോട്ടീസിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട അംഗത്തെ ക്ഷണിക്കുമ്പോൾ അദ്ദേഹം സഭയിലുണ്ടായിരുന്നിട്ടും അനുമതി തേടാതിരുന്നതിനെ സംബന്ധിച്ച് ഉന്നയിച്ച ക്രമപ്രശ്നവും പരിശോധിക്കുകയുണ്ടായി. പ്രതിപക്ഷാംഗങ്ങൾ നടത്തിയ പ്രതിഷേധനടപടികളുടെ ഭാഗമായിട്ടാണെങ്കിലും സഭാനടപടികളിൽ സംഭവിക്കുന്ന ഇത്തരം രീതികൾ തികഞ്ഞ അനൗചിത്യമായി കാണേണ്ടതാണ്.